(ഇ) ഒന്നാം ഘട്ടത്തിൽ 1192,69,99,000 രൂപയുള്ള നിർമ്മാണ പ്രവൃത്തികളാണ് ഉൾപ്പെടുന്നത്. ഇതിൽ റൺവേ, ഏപ്രൺ, ടാക്സിട്രാക്ക്, പാരലൽ ടാക്സി (പാർട്ട്) അപ്രോച്ച് റോഡ്, ഇന്റേണൽ റോഡ്, ചുറ്റുമതിൽ, ഓപ്പറേഷണൽ വാൾ, സ്റ്റോം വാട്ടർ ഡ്രൈൻ, കാർപാർക്ക്, റൺവെ ലൈറ്റിംഗ്, നാവിഗേഷണൽ ബിൽഡിംഗ്, അപ്രോച്ച് ലൈറ്റ്, ടെർമിനൽ ബിൽഡിംഗ്, കൺട്രോൾ ടവർ, ടെക്നിക്കൽ ബ്ലോക്ക് മുതലായവ ഉൾപ്പെടുന്നു.

(എഫ്) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും ആകെ 35% പ്രവൃത്തിയും ടെർമിനൽ ബിൽഡിംഗിന്റെ പ്രവൃത്തിയിൽ മൊത്തം 15% പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(ജി) റൺവെയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമ്മാണത്തിന് 30 മാസമാണ് കാലാവധി. 2015 ഡിസംബറിൽ പരിശീലനപറക്കലും 2016 മേയ് മാസത്തിൽ വാണിജ്യാടിസ്ഥാനത്തിലുള്ള സർവ്വീസ് ആരംഭിക്കാനുമാണ് ഉദ്ദേശിക്കുന്നത്. ടെർമിനൽ ബിൽഡിംഗ് നിർമ്മാണം 22 മാസം കൊണ്ട് പൂർത്തീകരിക്കാനാണ് കരാർ വ്യവസ്ഥ. 2016 മേയ് മാസത്തിൽ ടെർമിനൽ ബിൽഡിംഗ് പ്രവൃത്തി പൂർത്തിയാവും.

ബേപ്പൂർ തുറമുഖ വികസന പദ്ധതികൾ

126 (127) <u>ശ്രീ. എളമരം കരീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ തുറമുഖ വികസനത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിശദീകരിക്കാമോ;

(ബി) പ്രസ്തുത തുറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ 2014 മാർച്ച് 31 വരെയുള്ള കാലയളവിൽ എന്ത് തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ബേപ്പൂർ തുറമുഖ വികസനവുമായി ബന്ധപ്പെട്ട് കൺസൾട്ടിംഗ് എഞ്ചിനീയറിംഗ് സർവ്വീസിനെ നിയമിച്ചു. അവർ തയ്യാറാക്കിയ Detailed Feasibility Report സർക്കാർ അംഗീകരിച്ചു. ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തിരുന്നില്ല. ചാലിയം ഭാഗത്തുള്ള ഭൂമി പ്രതിരോധ വകുപ്പുമായി ബന്ധപ്പെട്ട കപ്പൽ രൂപകൽപ്പനാ കേന്ദ്രത്തിന്റെ നിർമ്മാണത്തിനായി മാറ്റിവെച്ചതിനാൽ തുറമുഖ വികസനത്തിനായി നിർദ്ദേശങ്ങൾ ലഭിച്ചില്ല. പഴയ വാർഫിനും ഫിഷിംഗ് ഹാർബറിനും ഇടയിൽ വാർഫ് നിർമ്മിക്കുന്നതിന് ലക്ഷദ്വീപ് ഭരണകൂടവുമായി

LIBRARY ARCHIVES Kerala Legislative Assembly

കരാർ ഒപ്പുവച്ചിട്ടുണ്ട്. പുതിയ വാർഫിന് പടിഞ്ഞാറ് വശം ഒരു വാർഫ് നിർമ്മിക്കുന്നത് സംബന്ധിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ബേപ്പൂർ ഇറമുഖത്തുനിന്ന് കണ്ടെയ്നർ ചരക്ക് ഗതാഗതം ആരംഭിക്കുന്നതിന്റെ ഭാഗമായി ക്രെയിൻ, റീച്ച് സ്റ്റാക്കർ എന്നിവ വാങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കപ്പൽ ചാനലിന്റേയും ബേസിന്റേയും ആഴം 5 മീറ്റർ ആയി വർദ്ധിപ്പിക്കുന്നതിനുള്ള നടപടിയും പുരോഗമിച്ചുവരുന്നു.

(ബി) ബേപ്പൂർ ഇറമുഖ വികസനത്തിനായി 2011 ഏപ്രിൽ 1 മുതൽ മാർച്ച് 31 വരെ 10,23,45,690 രൂപ ചെലവഴിച്ചു.

സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ ഇറമുഖ ട്രസ്റ്റിന്റെ നീക്കം

127 (128) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഇറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുവ കൂടാതെ ഉല്പന്നങ്ങൾ ഇറക്കുമതി ചെയ്യാനും കയറ്റുമതി ചെയ്യാനും കഴിയുന്ന പ്രത്യേക സാമ്പത്തിക മേഖലകൾക്ക് സമാനമായ സ്വതന്ത്ര വ്യാപാര മേഖലകൾ കേരളത്തിൽ സ്ഥാപിക്കാൻ ഇറമുഖ ട്രസ്റ്റിന് നീക്കമുള്ളതായി അറിയാമോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; ഇതിനായി താത്പര്യപത്രം ക്ഷണിച്ചിട്ടുണ്ടോ ; താത്പര്യം പ്രകടിപ്പിച്ച കമ്പനികൾ ഏതൊക്കെയാണ് ;

(സി) മതിയായ നികുതി നിയന്ത്രണവുമില്ലാത്ത കേരളത്തിൽ വിദേശ വ്യാപാരം വഴി സമ്പദ്ഘടനയിൽ ഉണ്ടായ നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഇന്ത്യയ്ക്ക് സൗത്ത് ഏഷ്യൻ രാജ്യങ്ങളുമായുള്ള വ്യാപാരത്തിനായി ഒരു വിതരണ ശൃംഖല (Supply Chain Node) ആയി കൊച്ചിയിലെ International Container Transshipment Terminal-നെ മാറ്റുന്നതിലേയ്ക്കായി Willington Island-ൽ ഒരു സ്വതന്ത്ര വ്യാപാര വെയർ ഹൗസിംഗ് മേഖല (Free Trade Warehousing Zone) (FTWZ) സ്ഥാപിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയും പ്രസ്തുത പദ്ധതിയ്ക്ക് കേന്ദ്ര വാണിജ്യ മന്ത്രാലയം അംഗീകാരം നൽകിയിട്ടുമുണ്ട്. ടെണ്ടർ പ്രക്രിയയിലൂടെ കോ-ഡെവലപ്പറെ തെരഞ്ഞെടുക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ് തീരുമാനിക്കുകയുണ്ടായി. ഇതിലേയ്ക്കായി ടെണ്ടർ

LIBRARY ARCHIVES Kerala Legislative Assembly